ഹദീസ്
28

عَنْ أَبِي الدَّرْدَاءِ قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم، خَمْسٌ مَنْ جَاءَ بِهِنَّ مَعَ إِيمَانٍ دَخَلَ الْجَنَّةَ، مَنْ حَافَظَ عَلَى الصَّلَوَاتِ الْخَمْسِ عَلَى وُضُوئِهِنَّ وَرُكُوعِهِنَّ وَسُجُودِهِنَّ وَمَوَاقِيتِهِنَّ وَصَامَ رَمَضَانَ وَحَجَّ الْبَيْتَ إِنِ اسْتَطَاعَ إِلَيْهِ سَبِيلاً وَأَعْطَى الزَّكَاةَ طَيِّبَةً بِهَا نَفْسُهُ وَأَدَّى الأَمَانَةَ –رواه أبو داود - حسن

അബുദ്ദർദാഅ് ﵁ നിവേദനം. നബി ﷺ പറഞ്ഞു: ഈമാനോട് കൂടി അഞ്ച് കാര്യങ്ങൾ ചെയ്യുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അവ: ആരെങ്കിലും വുദൂഅ്, റുകൂഅ്, സുജൂദ്, സമയനിഷ്ഠ എന്നിവയോടെ അഞ്ച് നേരത്തെ നിസ്കാരം നിർവ്വഹിക്കൽ, റമദാൻ മാസം നോമ്പ് നോൽക്കൽ, ഹജ്ജ് ചെയ്യാൻ സാധിക്കുമെങ്കിൽ വിശുദ്ധ ഭവനത്തിൽ (പോയി) ഹജ്ജ് ചെയ്യൽ, നല്ല മനസ്സോടെ സകാത്ത് നൽകൽ, അമാനത്ത് നിറവേറ്റൽ. എന്നിവയാണവ.

വിവരണം

ഒരു വിശ്വാസി തന്റെ ജീവിതത്തിൽ സൂക്ഷിക്കേണ്ട അഞ്ച് കാര്യങ്ങളെക്കുറിച്ചാണ് ഈ ഹദീസിൽ വിശദീകരിക്കുന്നത്.

കൃത്യമായ വിശ്വാസത്തോടെയായിരിക്കണം ഈ കാര്യങ്ങൾ നടപ്പിലാക്കേണ്ടത്. ഏത്

കാര്യവും സ്വീകരിക്കപ്പെടാനും അത് ഭംഗിയാകാനും വിശ്വാസം പരമ പ്രധാനമാണ്. വിശ്വാസം ശരിയാവാതെ എത്ര നല്ല കർമങ്ങൾ ചെയ്തത് കൊണ്ടും പ്രയോജനമില്ല.

ഒന്ന്: നമസ്കാരം

- ഇസ്ലാമിലെ പ്രധാനപ്പെട്ട ആരാധനയാണ് നമസ്കാരം. നമസ്കാരത്തിന്റെ വിഷയത്തിൽ കണിശതപുലർത്തൽ നമുക്ക് നിർബന്ധമാണ്.
- നബി ﷺ യുടെ ജീവിതത്തിൽ നമസ്കാരത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു എന്ന് നമുക്ക് അറിയാവുന്ന കാര്യമാണ്.
- നമസ്കാരം കൃത്യസമയത്ത് ശരിയാംവിധം നിർവ്വഹിക്കണം. അത് നമ്മുടെ ജീവിതത്തിൽ വെളിച്ചവും ഉൾക്കാഴ്ചയും ധാരാളം നൻമകളും സമ്മാനിക്കും.
- നമസ്കാരത്തിന്റെ കാര്യം പറഞ്ഞപ്പോൾ അതുമായി ബന്ധപ്പെട്ട നാല് കാര്യങ്ങൾ കൂടി ശ്രദ്ധിക്കാൻ നബി ﷺ അറിയിച്ചിരിക്കുന്നു.അവ:
  - വുദൂഅ്
  - റുകൂഅ്
  - സുജൂദ്
  - സമയനിഷ്ഠ എന്നിവയാണ്.

ഇവ കൃത്യവും പരിപൂർണ്ണവും ആക്കിയാലേ നമസ്കാരം യഥാർത്ഥ രൂപത്തിലാകൂ എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

നിത്യവും അഞ്ച് നേരം ഓരോ നമസ്കാരവും അതാതിന്റെ സമയത്ത് നിർവ്വഹിക്കാൻ നാം ഓരോരുത്തരും പരിശ്രമിക്കണം.

രണ്ട്: നോമ്പ്

നോമ്പിനെ കുറിച്ച് നാം മുമ്പ് പറയുകയുണ്ടാ യി. ജീവിതത്തിൽ ശീലമാക്കേണ്ട വലിയ നന്മയാ ണ് നോമ്പ്. നിർബന്ധ നോമ്പുകൾക്ക് പുറമേ ധാ രാളം സുന്നത്ത് നോമ്പുകൾ നമ്മുടെ ജീവിതത്തി ലുണ്ടാവട്ടെ.

മൂന്ന്: ഹജ്ജ്

ജീവിതത്തിലൊരിക്കൽ ഹജ്ജ് ചെയ്യൽ അ തിന് സാധിക്കുന്നവർക്ക് നിർബന്ധമാണ്. ഹജ്ജി ന് സ്വർഗ്ഗമല്ലാതെ പ്രതിഫലമില്ല എന്ന് നബി ﷺ അറിയിച്ചിട്ടുണ്ട്.

കഴിവുള്ളവർ ഹജ്ജ് ചെയ്യുന്ന കാര്യത്തിൽ വളരെയേറെ താൽപര്യം കാണിക്കണം.

നാല്: സകാത്ത്

നമ്മുടെ സ്വത്തിൽ അല്ലാഹു നിശ്ചയിച്ച നിർബന്ധദാനമാണ് സകാത്ത്.

സകാത്ത് നൽകാനുള്ള നിസ്വാബ് (തോത്) എത്തിയാൽ അത് കൊടുത്ത് വീട്ടൽ ഓരോരു ത്തർക്കും ബാധ്യതയാണ്.

സകാത്ത് നൽകാതെ സമ്പത്ത് സൂക്ഷിച്ച് വെച്ചാൽ അത് വലിയ തിന്മയാണ്. ഇഹലോക ത്തും പരലോകത്തും അതിന്റെ ശിക്ഷ അവന് അ നുഭവിക്കേണ്ടി വരും.

സകാത്ത് നൽകൽ നിർബന്ധമായ സമ്പത്തുകൾ ഇവയാണ്:

- നാണയങ്ങൾ
- സ്വർണ്ണം, വെള്ളി
- കൃഷിയുൽപ്പന്നങ്ങൾ
- കച്ചവട സാധനങ്ങൾ
- നാൽക്കാലികൾ

(ആട്, പശു, ഒട്ടകം വർഗ്ഗങ്ങൾ)

ഇതിൽ ഒരോന്നിന്റെയും നിസ്വാബും സകാത്തിന്റെ കണക്കും ഓരോരുത്തരും അറിഞ്ഞിരിക്കണം.

ഓരോന്നിനും സകാത്ത് നൽകേണ്ടത് വർഷം തികയുമ്പോഴാണ്.

അഞ്ച്: അമാനത്ത് നിറവേറ്റൽ:

അമാനത്ത് നിറവേറ്റൽ വിശ്വാസികളുടെ വിശേഷണമാണ്. അത് ഭൗതികവും ആത്മീയവുമായ വിജയങ്ങൾ നേടിത്തരും. അത് ജനങ്ങൾക്ക് നമ്മളിലുള്ള വിശ്വാസം ശക്തിപ്പെടുത്തും.

അമാനത്ത് വിവിധ ഇനങ്ങളുണ്ട്. അവ:

- സാമ്പത്തികമായ അമാനത്തുകൾ.
- വാക്കിലും പ്രവർത്തനത്തിമുലുള്ള അമാനത്തുകൾ.
- രഹസ്യങ്ങൾ സൂക്ഷിക്കുന്നതിലെ അമാനത്തുകൾ

യഥാർത്ഥ വിശ്വാസികൾ അമാനത്തുകളും കരാറുകളും പാലിക്കുന്നവരാണ് എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. (23/8)